# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

## *ചട്ടം 300 അനുസരിച്ച് മുഖ്യമന്ത്രി 21.06.2018-ന് നടത്തിയ പ്രസ്താവന*

കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകളാൽ രൂപപ്പെട്ടുവന്നതാണ് തോട്ടം മേഖല. പശ്ചിമഘട്ട മലകളിലേയും മലയോരപ്രദേശങ്ങളിലെയും ഭൂപ്രകൃതി ഇത്തരം വിളകൾക്ക് അനുയോജ്യമാണ് എന്നതിനാൽ ചരിത്രപരമായി ഈ മേഖലയിൽ തോട്ടങ്ങൾ രൂപപ്പെട്ടുവന്നു. റബ്ബർ, തേയില, കാപ്പി, ഏലം തുടങ്ങിയ വിളകളാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. ഇവയുടെ വിള വിസ്തൃതി ഏകദേശം 7.04 ലക്ഷം ഹെക്ടറോളം വരുന്നതുമാണ്.

തോട്ടം വിളകളുടെ സവിശേഷത അവ പൂർണ്ണമായും കമ്പോളത്തെ ലക്ഷ്യം വച്ച് കൃഷി ചെയ്യുന്നതാണ്. ആഗോള മാർക്കറ്റുകളിൽ ഉണ്ടാകുന്ന ചാഞ്ചാട്ടങ്ങൾ ഉൾപ്പെടെ ഈ മേഖലയെ സ്വാധീനിച്ചുവരുന്നവയാണ്.

കേരളത്തിലെ തോട്ടം മേഖല വമ്പിച്ച പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. അവിടെ നിലനിന്ന പ്രതിസന്ധി കൃഷിക്കാരുടെയും തൊഴിലാളികളുടെയും ജീവിതത്തെ പ്രതികൂലമായി ബാധിച്ചതു വഴി സാമൂഹ്യ സംഘർഷങ്ങൾ തന്നെ രൂപപ്പെട്ടുവന്നിരുന്നു. കടുത്ത സാമ്പത്തിക സമ്മർദ്ദങ്ങൾ ഭൂവിനിയോഗ മാറ്റങ്ങൾക്കും പാരിസ്ഥിതിക പ്രതിസന്ധി രൂക്ഷമാക്കുന്നതിലേക്കും നയിക്കുന്ന സ്ഥിതിയുമുണ്ടായി. ഈ സാഹചര്യത്തിൽ തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾക്ക് സർക്കാർ നേതൃത്വം നൽകുകയുണ്ടായി. ഇതിനായി സമഗ്രമായ ഒരു പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുമുണ്ട്.

തോട്ടം മേഖലയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ സാമൂഹ്യസംഘർഷങ്ങളിലേക്ക് നീങ്ങുന്ന സാഹചര്യം രൂപപ്പെട്ടുവന്നപ്പോൾ തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റിട്ട. ജസ്റ്റിസ്

കൃഷ്ണൻ നായർ അധ്യക്ഷനായി 2015 നവംബറിൽ മുൻ സർക്കാർ ഒരു കമ്മീഷനെ നിയോഗിക്കുകയുണ്ടായി. ഇതിനെത്തുടർന്ന്, പ്രസ്തുത കമ്മീഷൻ 10.08.2016-ന് സർക്കാരിന് റിപ്പോർട്ട് നൽകി.

കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനും ടാക്സസ്, ധനകാര്യം, വനം, റവന്യൂ, കൃഷി, തൊഴിൽ, നിയമം വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായി 18.06.2017-ൽ ഒരു കമ്മിറ്റി രൂപീകരിച്ചു. 27.09.2017-ൽ പ്രസ്തുത കമ്മിറ്റി സർക്കാരിന് ശിപാർശ സമർപ്പിച്ചു. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് 20.06.2018-ൽ ചേർന്ന മന്ത്രിസഭായോഗം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

1. പ്ലാന്റേഷൻ ടാക്സ് വളരെ പഴക്കമുള്ള ഒരു ടാക്സ് ഇനമാണ്. പ്രസ്തുത ടാക്സ് ഇപ്പോൾ കേരളത്തിൽ മാത്രമാണ് നിലവിലുള്ളതെന്ന് പ്രസ്തുത കമ്മിറ്റി ശിപാർശ ചെയ്തു. ഇക്കാര്യങ്ങൾ പരിഗണിച്ച് പ്ലാന്റേഷൻ ടാക്സ് പൂർണ്ണമായും ഒഴിവാക്കാൻ തീരുമാനിച്ചു.
2. തോട്ടം മേഖലയിൽനിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് മരവിപ്പിക്കാൻ തീരുമാനിച്ചു.
3. എസ്റ്റേറ്റിലെ എല്ലാ ലയങ്ങളും വളരെ പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമാണ്. ഇത്തരം ലയങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുക അസാധ്യമാണ്. എല്ലാ ലയങ്ങളേയും കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കണമെന്ന നിർദ്ദേശം തദ്ദേശസ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയിട്ടുണ്ട്.
4. നിലവിലുള്ള ലയങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫിൽ ഉൾപ്പെടുത്തി, ലൈഫ് പദ്ധതിയുടെ

മാർഗരേഖകൾക്കു വിധേയമായി, തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കുന്നതാണ്. ഇതിന് ആവശ്യമായി വരുന്ന ചെലവിന്റെ 50% സർക്കാരും 50% തോട്ടം ഉടമകളും വഹിക്കും. തോട്ടം ഉടമകളിൽനിന്ന് ഈടാക്കേണ്ട 50% തുക ഏഴ് വാർഷിക ഗഡുക്കളായി (പലിശ രഹിതം) ഈടാക്കി പദ്ധതി നടപ്പാക്കും. പദ്ധതി നടത്തിപ്പിനാവശ്യമായ സ്ഥലം എസ്റ്റേറ്റ് ഉടമകൾ സൗജന്യ മായി സർക്കാരിന് ലഭ്യമാക്കുന്നതിനായി തോട്ടം ഉടമകളുമായി ഒരു കരാർ ഉടമ്പടി ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

5. ഒരു റബ്ബർ മരം മുറിച്ചുവിൽക്കുമ്പോൾ ലഭിക്കുന്ന ശരാശരി തുക ഏകദേശം 5000 രൂപയാണ്. നിലവിൽ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ 2500രൂപ സീനിയറേജായി ഈടാക്കുന്നുണ്ട്. റബ്ബ റിന്റെ വില വളരെ താഴ്ന്നിരിക്കുന്ന സാഹചര്യത്തിൽ ഈ തുക വളരെ കൂടുതലാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള സീനിയ റേജ് തുക പൂർണ്ണമായും ഒഴിവാക്കുന്നതാണ്.

6. തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ സ്കീം ബാധകമാക്കുന്ന വിഷയം തൊഴിൽ വകുപ്പ് പരിഗണിക്കും. തോട്ടങ്ങളുടെ പാട്ടകാലാ വധി അവസാനിക്കുന്ന മുറയ്ക്ക് പാട്ടം പുതുക്കി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കും. ഇക്കാര്യത്തിൽ തടസ്സം നിൽക്കുന്ന കാര്യ ങ്ങൾ നിയമ വകുപ്പ് സെക്രട്ടറി പരിശോധിച്ച് ആവശ്യമായ ശിപാർശ സർക്കാരിന് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് എക്കളോജിക്കലി ഫ്രെജൈൽ ലാന്റ്) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കിയിട്ടു ണ്ട്.

7. ഉപേക്ഷിക്കപ്പെട്ടതോ, പ്രവർത്തനരഹിതമായിക്കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ അല്ലെങ്കിൽ തൊഴി ലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക്

സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ, സന്നദ്ധത യുള്ള സ്വകാര്യ കമ്പനികൾക്ക് വ്യക്തമായ മാനദണ്ഡങ്ങളോടെ, തോട്ടത്തിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തരുതെന്ന വ്യവസ്ഥയിൽ നൽകി പ്രവർത്തിപ്പിക്കാൻ സാധിക്കുംവിധം ആവശ്യമായ നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. റവന്യൂ വകുപ്പ് നിലവിൽ തയ്യാ റാക്കിയിരിക്കുന്ന ലാന്റ്ലീസ് ആക്ടിന്റെ പരിധിയിൽ ഇക്കാര്യം കൂടി കൊണ്ടുവരുന്ന കാര്യവും സർക്കാർ പരിഗണിക്കുന്നതാണ്.

8. തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതു സംബന്ധിച്ച് ആവശ്യമായ നടപടികൾ തൊഴിൽ വകുപ്പ് സ്വീകരി ക്കുന്നതാണ്.

9. പ്ലാന്റേഷൻ മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് സംസ്ഥാന സർക്കാരിന്റെ പ്ലാന്റേഷൻ പോളിസി തയ്യാ റാക്കുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക മേഖലയിൽ വലിയ സംഭാ വന നൽകിയ തോട്ടം മേഖലയുടെ സംരക്ഷണം കേരളത്തിന്റെ പുരോഗ തിക്കും ജനങ്ങളുടെ ജീവിത സംരക്ഷണത്തിനും പ്രധാനമാണെന്ന് കണ്ടു കൊണ്ടുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. നൂറ്റാണ്ടുകളുടെ മനുഷ്യാധ്വാനത്തിന്റെയും ഇച്ഛാശക്തിയുടെയും നാടിന്റെ താൽപ്പര്യത്തി ന്റെയും ഭരണസംവിധാനങ്ങളുടെ ഇടപെടലിന്റെയും ഫലമായി രൂപംകൊ ണ്ടുവന്ന തോട്ടം മേഖലയെ സംരക്ഷിക്കുക എന്ന ഉത്തരവാദിത്വം ഏറ്റെടു ത്തുകൊണ്ടാണ് മേൽ പറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

ഈ മേഖലയിൽ സർക്കാർ നടത്തിയ പ്രവർത്തനങ്ങളും ഭാവിയിൽ നടത്താനുദ്ദേശിക്കുന്ന കാര്യങ്ങളുമാണ് ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധ യിൽപ്പെടുത്തുന്നത്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2018 ജൂൺ 21.

വി. കെ. ബാബുപ്രകാശ്,
സെക്രട്ടറി.